# ഗാന്ധിയെ അടുത്തറിയുമ്പോൾ

ഡോ. കെ. അരവിന്ദാക്ഷൻ



**ഞാൻ** ഗാന്ധിയിലേക്ക് വരുന്നത് ഇരുപത്തിയേഴാം വയസ്സിലാണ്. അന്ന് വരെ ഞാൻ ഗാന്ധിയെ തിരിഞ്ഞ് നോക്കിയിട്ടില്ല. പതിനേഴ് വയസ്സിൽ ഞാൻ കഥകളെഴുതിയെങ്കിലും അവയ്ക്ക് ദാർശനികമായ യാതൊരു തലവും ഉണ്ടായിരുന്നില്ല. ഗാന്ധിയിലെത്തിയതോടെ കഥയെഴുത്ത് ഏതാണ്ട് ശമിച്ചു.

സി.പി.ഗംഗാധരൻ മാഷാണ് വ്യത്യസ്തമായ ചില ചിന്തകൾ എന്നിലേയ്ക്ക് കടത്തിവിടുന്നത്. ഞങ്ങൾ മാഷുടെ വിജനമായ പറമ്പുകളിലും പുഴവക്കിലും ഇരുന്നും നടന്നും ഏറെ സംസാരിച്ചു. അക്കാലത്ത് മാഷ് ഇവാൻ ഇല്ലിച്ചിന്റെ വൈദ്യശാസ്ത്രത്തിന് അതിർവരമ്പുകൾ മലയാളത്തിലാക്കുന്നുണ്ടായിരുന്നു.

ഗാന്ധിയിലേയ്ക്കുള്ള വാതിൽ, ഏതോ നിമിഷത്തിൽ എന്നിൽ തുറന്നു. പിന്നീട് ഞാൻ നിരന്തരമായി ഗാന്ധി വായിച്ചു. ഗാന്ധിയെ തൊട്ടു എന്ന നിലയിലായി, ഗാന്ധിയിലെ ശക്തിയും സൗന്ദര്യവും ബലഹീനകളും ഞാൻ അനുഭവിച്ചറിഞ്ഞു. അവ വളരെ ചുരുക്കി പറയാനാണ് ഞാനിവിടെ ശ്രമിക്കുന്നത്.

വ്യത്യസ്ത രൂപഭാവങ്ങളുള്ള, അധികാരവുമായുള്ള ഏറ്റുമുട്ടലാണ് ഗാന്ധിയുടെ ജീവിതം. ഭക്ഷണം, കാമം, രാഷ്ട്രീയം, മതം, ആത്മീയത, സംസ്കാരം, നാഗരികത, ഭാഷ എന്നു തുടങ്ങി ജീവിതവുമായി ബന്ധപ്പെടുന്നതിലെങ്കില്ലാം അധികാരത്തിന്റെ വ്യവഹാരങ്ങളുണ്ട്. ഇവയെങ്ങിനെ വരുതിയിലാക്കി, പ്രപഞ്ചത്തിലെ സചേതനവും അചേതനവുമായ സകലതിന്റെയും വിമോചനത്തിനുള്ള മാധ്യമമാക്കാം. അതായിരുന്നു ഗാന്ധിയുടെ വെല്ലുവിളി.

ഭക്ഷണത്തിനോടും കാമത്തിനോടും ഇത്രയേറെ ആർത്തിയുണ്ടായിരുന്ന ഒരാൾ, കാണുമോയെന്ന് സംശയം തോന്നാം. ഇവ തന്നെ കീഴടക്കുമെന്ന നില വന്നപ്പോഴാണ് അവയെ അധഃകരിക്കാനുള്ള പരീക്ഷണങ്ങൾ

**വ്യക്തിയുടെ സ്വാതന്ത്ര്യം വ്യക്തിയുടെ ഉള്ളിൽ തന്നെയാണെന്ന് ഗാന്ധി സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. തന്റെ ഉള്ളിലും പുറത്തുമുള്ള അധികാര ഘടനകളോട് ഓരോ നിമിഷവും പൊരുതിയാണ് വ്യക്തി സ്വതന്ത്രനായിരിക്കുന്നത്. ഈ സത്യം സ്വന്തം ജീവിതത്തിലൂടെ ജീവിച്ചതാണ് ഗാന്ധിയെ വ്യത്യസ്തനാക്കുന്നത്.**

ഗാന്ധി നടത്തുന്നത്. ഈ പരീക്ഷണങ്ങളിൽ ഗാന്ധി തന്നെ മാത്രമല്ല, തന്റെ ഏറ്റവും അടുത്തുള്ളവരെ കൂട്ടുപങ്കാളികളാക്കി. ഇതിൽനിന്ന് വിടുതി തേടിപ്പോയവനാണ് ഗാന്ധിയുടെ മൂത്ത പുത്രൻ ഹരിലാൽ. അയാളുടെ പതനം, വാസ്തവത്തിൽ, ഗാന്ധിയെന്ന മനുഷ്യന്റെ 'പതനം' തന്നെയാണ്. ഗാന്ധിയുടെ ഭാര്യ കസ്തുർബാ ഹരിലാലിനെപ്പോലെ പുറത്ത് പോകാൻ സമ്മതിച്ചില്ല. അവർ തന്റെ നിരക്ഷരതകൊണ്ട്, നിശ്ചയദാർഢ്യം കൊണ്ട്, തന്റെ പൊറുതികേടുകൊണ്ട് ഗാന്ധിയ്ക്കെതിരെ പൊരുതി. രണ്ടുപേരും പല രീതികളിലായി മയപ്പെട്ടുകൊണ്ട്, കാലാന്തരത്തിൽ ഗാന്ധിയുടെ മറ്റു മക്കൾ നിശബ്ദമായി പ്രതിഷേധിച്ചും, ഒപ്പംനിന്ന് പ്രവർത്തിച്ചും, ഗാന്ധിയുടെ നിഴലിൽ ജീവിതം ജീവിച്ചുതീർത്തു. ഗാന്ധിയേക്കാൾ വലിയവരാകാൻ അവർക്ക് കഴിയുമായിരുന്നില്ല. ഗാന്ധിയുടെ ധാർമ്മികാധികാരം അത്രയ്ക്ക് കഠിനമായിരുന്നു.

വ്യക്തിയുടെ സ്വാതന്ത്ര്യം വ്യക്തിയുടെ ഉള്ളിൽ തന്നെയാണെന്ന് ഗാന്ധി സ്വന്തം ജീവിതത്തിലൂടെ തെളിയിച്ചു. തന്റെ ഉള്ളിലും പുറത്തുമുള്ള അധികാര ഘടനകളോട് ഓരോ നിമിഷവും പൊരുതിയാണ് വ്യക്തി സ്വതന്ത്രനായിരിക്കുന്നത്. ഈ സത്യം സ്വന്തം ജീവിതത്തിലൂടെ ജീവിച്ചതാണ് ഗാന്ധിയെ വ്യത്യസ്തനാക്കുന്നത്. ഭൂമിയിലെ ഏത് വ്യക്തിക്കും ഏത് കാലത്തും, ദേശത്തും, ലിംഗ-മത-വർണ്ണ-ജാതി-ഭാഷാ ഭേദമെന്യേ ഇത് പരീക്ഷിക്കാവുന്നതാണ്. ബോംബും ബുള്ളറ്റും ഇതിനാവശ്യമില്ല. ദർശന ഉപ്പുസത്യാഗ്രഹവേളയിൽ സത്യാഗ്രഹികൾ ഈ പരീക്ഷണം വിജയകരമായി നടത്തുന്നതോടെയാണ് ഇന്ത്യ സ്വാതന്ത്ര്യത്തിലേയ്ക്ക് മുന്നോട്ടുപോകുന്നത്. ഗാന്ധി ലോകത്തിന്, വ്യക്തിക്ക് നൽകിയ ഏറ്റവും വലിയ, സ്ഫോടനാത്മകമായ ആയുധം ഇത് തന്നെയാണ്. ഇതിന് ആവശ്യമായ വസ്തുത സത്യമാണ്. ക്രൂരമായി സത്യം പറയുകയെന്നതായിരുന്നു ഗാന്ധിയിൽ ഞാൻ കണ്ട മഹത്തരമായ കാര്യം. നമ്മുടെ ഇന്നത്തെ അതിസങ്കീർണ്ണവും വിഷലിപ്തവുമായ കാലത്ത് ക്രൂരമായി, യാതൊരുവിധ താൽപര്യങ്ങളുമില്ലാതെ സത്യം ഉറക്കെ വിളിച്ചു പറഞ്ഞുകൊണ്ടിരുന്നാൽ സംഭവിക്കുന്ന സ്ഫോടനങ്ങൾ നാം ഊഹിക്കുന്നതിലുമെല്ലാം ഭയാനകവും, ശക്തവുമായിരിക്കും. അതിന് കരുത്തുള്ള വ്യക്തികൾ നമ്മുടെ കാലത്ത് ഇല്ലയെന്നതാണ് നമ്മുടെ ദീനാവസ്ഥ. സത്യത്തിനോടല്ലാതെ മറ്റ് യാതൊന്നിനോടും താൽപര്യമില്ലാതിരിക്കുന്ന അവസ്ഥ. നമ്മുടെയിടയിൽ പ്രതിഷേധ സ്വരങ്ങൾ നിശബ്ദമാവുന്നത്, പ്രതിഷേധിക്കുന്നവർ മറ്റ് താൽപര്യങ്ങളിൽ വീണ്, അധികാര കേന്ദ്രങ്ങളുമായി സമരസപ്പെടുമ്പോഴാണ്.

ഗാന്ധി ഹിന്ദ് സ്വരാജ് (Hind Swaraj or Indian Home Rule) എഴുതുന്നത് 1908 ലാണ്. വളരെ പ്രാകൃതമെന്നാണ് ആ കൃതി എക്കാലത്തും അധിക്ഷേപിക്കപ്പെട്ടിട്ടുള്ളത്. പക്ഷേ, എനിക്ക് ബോധ്യമാവുന്നത് ആ കൃതിയിലൂടെ ഗാന്ധി നിലവിലുള്ള ഹിംസാത്മകമായ ജീവിത വീക്ഷണത്തിന് ബദലായ ഒന്ന് അവതരിപ്പിക്കുകയായിരുന്നു. ആധുനിക വീക്ഷണത്തിന് ബദലായ ഒന്ന് അവതരിപ്പിക്കുകയായിരുന്നു. ആധുനിക ശാസ്ത്രവും സാങ്കേതികതയും ഉൾച്ചേർന്ന ആധുനിക നാഗരികതയെ ഗാന്ധി അവിശ്വസിച്ചു. ആധുനിക ശാസ്ത്രത്തിലും അതിന്റെ സാങ്കേതിക രൂപഘടന അവിശ്വസിച്ചു. ആധുനികശാസ്ത്രത്തിലും അതിന്റെ സാങ്കേതിക രൂപഘടനകളിലും സഹജമായി അധികാരത്തിന്റെ ഹിംസ ഉറങ്ങിക്കിടക്കുന്നുണ്ടെന്ന തിരിച്ചറിവാണ് ഗാന്ധിയെ ഇതിന് പ്രേരിപ്പിക്കുന്നത്. ആധുനികശാസ്ത്രവും സാങ്കേതികതയും നമുക്കുണ്ടാക്കിത്തന്നിട്ടുള്ള സുഖലോലുപതകളും സമൃദ്ധികളും അതിന്റെ ഉപോല്പന്നങ്ങൾ മാത്രമാണ്. പ്രകൃതിനാശം, വെള്ളപ്പൊക്ക കാലാവസ്ഥ വ്യതിയാനങ്ങൾ, യുദ്ധങ്ങൾ, ആണവപടക്കോപ്പുകൾ എന്നു തുടങ്ങി അതിന്റെ ദുരിതങ്ങൾ എണ്ണിയാലൊടുങ്ങാത്തതാണ്. ആധുനികശാസ്ത്രം വിശ്വൈകമാണ്, അതിന് ബദലുകളില്ല : ഗാന്ധി ഇത് നിഷേധിച്ചു. മനുഷ്യന്റെ വിവിധ സംസ്കാരങ്ങളിൽ ആയിരത്താണ്ടുകളായി രൂപപ്പെട്ടിട്ടുള്ള ശാസ്ത്ര-സാങ്കേതികതകളെ തമസ്കരിച്ചും നശിപ്പിച്ചും മാനവരാശിയെ അന്യമാക്കിയതാണ് ആധുനികശാസ്ത്ര സാങ്കേതികതയും ആധുനികനാഗരികതയും ചെയ്തത്. നമ്മുടെ വിവിധ സംസ്കാരങ്ങളിൽ ഉരുത്തിരിഞ്ഞിട്ടുള്ള അറിവുകളെ ആധുനികശാസ്ത്രവുമായി സംവദിപ്പിക്കാനുള്ള ഒരു സാധ്യതക്കൂടി നാം ആരാഞ്ഞില്ല. ഗാന്ധിയിൽ സൂക്ഷ്മമായി ഉണ്ടായിരുന്ന ഈ സാദ്ധ്യത, നാലു പതിറ്റാണ്ടുകളുടെ ഗവേഷണങ്ങളിലൂടെ പുറത്ത് കൊണ്ടുവരാൻ ധരംപാൽ ശ്രമിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ Beautiful Tree, Science and Technology in Seventeenth Century, Bharathiya Chita, Manas എന്നിവ അന്വേഷണഫലങ്ങളാണ്.

നമ്മുടെ വിവിധ സംസ്കാരങ്ങളെ മുടിപ്പിച്ച ആധുനിക നാഗരികതയുടെ രണ്ട് രൂപങ്ങളാണ് ഇന്ത്യയിൽ ഇന്ന് പ്രബലമായി വളരുന്ന ദേശീയ മതേതരവാദികളുടെയും ഹിന്ദു ദേശീയതയുടെയും സംഘങ്ങൾ. രണ്ടും ആധുനിക നാഗരികതയുടെ വാർപ്പുമാതൃകകളാണ്. ഇന്ത്യയിൽ വിവിധ ദേശങ്ങളിലായി വളർന്നു വികസിച്ച വളരെ വ്യത്യസ്തമായ സാംസ്കാരിക ധാരകളെ 'ഹിന്ദുമത'മെന്ന ഏകശിലയിലേയ്ക്ക് വളച്ചൊടിച്ചാണ് നമുക്കിടയിൽ തീവ്രഹൈന്ദവത ഭീകരരൂപമായിത്തീരുന്നത്. 1850കളിൽ തുടങ്ങി ആര്യസമാജത്തിലൂടെയും സ്വാമി വിവേകനാന്ദന്റെയും അരബിന്ദോയുടെയും തിലകന്റെയും ചിന്താപദ്ധതികളിലൂടെയും രൂപപ്പെട്ട ഹിന്ദുമതത്തിന്റെ ഏകശിലാരൂപത്തെ സവർക്കറും ഹെഡ്ഗെവാറും ഗോൾവാക്കറും ശ്യാമപ്രസാദ് മുഖർജിയും പുതിയ രാഷ്ട്രീയ കാലാവസ്ഥയിലെത്തിച്ചു. 1920കളിൽ ഗാന്ധി ഇന്ത്യൻ രാഷ്ട്രീയത്തിന്റെ മുഖ്യധാരയിലെത്തുന്നതോടെ, അതുവരെ മധ്യവർഗ്ഗികളിലും ഉപരിവർഗ്ഗ ബുദ്ധിജീവികളിലും ശക്തിനേടിയിരുന്ന തീവ്രഹൈന്ദവതയെയും ആധുനികതയുടെ വക്താക്കളായിരുന്ന മിത

വാദ രാഷ്ട്രീയത്തെയും നിഷ്പ്രഭമാക്കി, ഇന്ത്യയുടെ പ്രാദേശികതകളിൽ സാധാരണക്കാർക്കിടയിലുണ്ടായിരുന്ന വ്യത്യസ്തങ്ങളായ ഹൈന്ദവധാരകളുടെ ഒരു ജനാധിപത്യ സംക്രമണം സാധിച്ചു. ഗാന്ധിയുടെ ഹിന്ദുയിസം ഇസ്ലാമിനെയും ബുദ്ധിസത്തെയും ക്രിസ്തീയതയെയും ജൈനിസത്തെയും സിക്കിസത്തെയും സമന്വയിപ്പിക്കുന്ന ഒന്നായിമാറി. ഗാന്ധിക്ക് നേരെയുണ്ടായ മൂന്ന് വധശ്രമങ്ങളും തീവ്രഹൈന്ദവതയുടെ വക്താക്കളായ മഹാരാഷ്ട്ര ബ്രാഹ്മണരിൽ നിന്നായിരുന്നുവെന്നത് ശ്രദ്ധേയമാണ്. 1920 മുതൽ 1970 വരെയുള്ള കാലയളവിൽ ഗാന്ധിയൻ ഹിന്ദുയിസത്തെ ഇല്ലായ്മ ചെയ്യാൻ ഹിന്ദുതീവ്രവാദികൾ നടത്തിയ ശ്രമത്തിൽ, ഗാന്ധി വധിക്കപ്പെട്ടുവെന്നതൊഴിച്ചാൽ കാര്യമായ പരിക്കൊന്നും ഏറ്റില്ല. അതേസമയം 1970 നുശേഷം ജയപ്രകാശ് നാരായണന്റെ തോളത്തുകയറി ഇന്ദിരാഗാന്ധിയിലൂടെയും രാജീവ്ഗാന്ധിയിലൂടെയും ശക്തമായ തിരിച്ചുവരവ് നടത്തി തീവ്രഹൈന്ദവരാഷ്ട്രീയം. ഇതിന് പൂരകമായിരുന്നു മതേതരവാദികളുടെ രാഷ്ട്രീയ നീക്കങ്ങളും. മതേതരത്വം അധികാരരാഷ്ട്രീയത്തിനുള്ള ഉപകരണമായി മാറി. കോൺഗ്രസ്സും കമ്യൂണിസ്റ്റ് പാർട്ടികളും ഈ മതേതര മതത്തിന്റെ വക്താക്കളാണ്. മതേതര വർഗ്ഗീയരും ഹൈന്ദവവർഗ്ഗീയരും തമ്മിലുള്ള പോരാട്ടങ്ങളും എതിർപോരാട്ടങ്ങളും ഗാന്ധിയൻ ഹിന്ദുയിസത്തിന്റെ മുനയൊടിച്ചു. രാജ്യാന്തര കുത്തകകളുടെ കടന്നുകയറ്റം, പരസ്ഥിതിയുടെ തകർച്ച, നഗരങ്ങളുടെ രാക്ഷസീയമായ വളർച്ച എന്നിവ വർഗ്ഗീയ രാഷ്ട്രത്തിന് പുതിയ മാനങ്ങളുണ്ടാക്കി. മതേതര വർഗ്ഗീയതയും ഹൈന്ദവ-ഇസ്ലാം വർഗ്ഗീയതകളും ഒന്നിച്ചൊന്ന് അഭിരമിച്ച് വളരുന്നത് ആധുനിക ശാസ്ത്ര-സാങ്കേതികതയുടെ നവരൂപങ്ങളിലാണ്. പുതിയ ജീവിതരീതികളായി, ദർശനങ്ങളുടെ ഭാഷകളായി, പീഢനോപകരണങ്ങളായി അത് ഭൂരിഭാഗം ജനങ്ങളെയും ദരിദ്രരാക്കുന്നു, ഭൗതികമായും ആത്മീയമായും. അതുകൊണ്ടാണ് അധിനിവേശത്തെപ്പറ്റിയുള്ള നെടുനെടുങ്കൻ പ്രസംഗങ്ങൾ, സമൂഹത്തിൽ ഒരു ചലനവും സൃഷ്ടിക്കാത്തത്. എല്ലാ സംസ്കാരങ്ങളുടെയും ഭാഷകളുടെയും ജനതകളുടെയും സ്വത്വം നിലനിന്ന വികസ്വരമായ ഒരു ജനാധിപത്യബോധത്തിനേ എല്ലാതരം അധിനിവേശങ്ങളെയും പ്രതിരോധിക്കാനാവൂ. ഇതിന്റെ വഴിയാണ് ഗാന്ധി സൂചിപ്പിച്ചത്, ഹിന്ദ് സ്വരാജിലൂടെ.

ഗാന്ധിയിൽ എനിക്ക് സന്ദേഹമുണ്ടാക്കിയത്, ഹിന്ദുമതത്തിലെ ഘടനകളോടുള്ള അദ്ദേഹത്തിന്റെ സമീപനമാണ്. 2007ൽ ജീവിക്കുന്ന ഒരു മനുഷ്യനെന്ന നിലയിൽ, എനിക്ക് മനസ്സിലാവുന്നത്, ഗാന്ധിക്ക് ഹിന്ദുമതത്തിലെ ജാതിശ്രേണികളുടെ കൊടുംക്രൂരത അതിന്റെ ആഴത്തിൽ തിരിച്ചറിയാനായില്ല. തന്റെ ഹിന്ദുവിസം ദളിതന്റെ ജീവിതത്തെ ചെളിക്കുഴിയിൽനിന്നും ഉയർത്തിക്കൊണ്ടുവരും എന്ന വ്യാമോഹം ഗാന്ധിക്കുണ്ടായിരുന്നുവോ? ഒരുപക്ഷേ, ഗാന്ധി ധർമ്മസങ്കടത്തിൽ പെട്ടിരിക്കാം. ഒരു ഭാഗത്ത് ആധുനികനാഗരികതയുടെ രാക്ഷസീയ രൂപമായ ബ്രിട്ടീഷ് അധിനിവേശം, മറുഭാഗത്ത് തീവ്ര ഹൈന്ദവതയുടെ ക്രൂരമുഖം ഇവയെ പ്രതിരോധിച്ച് ദളിതന്റെ മുൻകയ്യിലുള്ള, ഹിന്ദുയിസത്തെ ഗാന്ധി സ്വപ്നം കണ്ടിരുന്നുവോ? ഇത്തരം സ്വപ്നം ഗാന്ധിക്ക് രണ്ടായിരത്താണ്ടുകൾ മുമ്പെ ജീവിച്ച ഗൗതമ ബുദ്ധനില്ലായിരുന്നു. വേദവും പുരാണങ്ങളും ഉപനിഷത്തുകളും സ്വർഗ്ഗനരകങ്ങളും പുണ്യപാപങ്ങളും മജ്ജന്മ പുനർജന്മങ്ങളും ഗൗതമമുനി തള്ളിക്കളഞ്ഞു. എല്ലാ ജീവജാലങ്ങളുടെയും (അചേതനമായവയുടെ പോലും) സ്വാതന്ത്ര്യം സ്ഫുരിക്കുന്ന ഒരു പുലർകാലത്തിനെപ്പറ്റി അദ്ദേഹം ബോധവാനായി. അത് സാർത്ഥകമാകേണ്ടതിന്റെ മാർഗ്ഗങ്ങൾ മുന്നോട്ടുവെച്ചു. ബുദ്ധനെപ്പറ്റിയുള്ള എന്റെ അന്വേഷണങ്ങൾ, ഗാന്ധിയെ ഇക്കാര്യത്തിൽ ആശ്രയിച്ചിട്ട് ഫലമില്ല എന്ന നിഗമനത്തിലെത്തിക്കുന്നു. അത്ര ക്രൂരമാണ് ഇന്ത്യയുടെ ജാതി ഘടന. അംബേദ്കറിലെ ഗൗതമമുനിയെ ഞാൻ അപ്പാടെ സ്വീകരിക്കുമെങ്കിലും അംബേദ്കറിലെ ആധുനികനാഗരികതയുടെ വക്താവിനെ ഞാൻ തീർത്തും അവിശ്വസിക്കുന്നു. ഗാന്ധി-അംബേദ്കർ സംവാദത്തിന്റെ ഒരു വലിയ സാധ്യതയാണ് ഇത് തുറന്ന് തരുന്നത്.

ഒരു ഗാന്ധിയനായിരിക്കുവാൻ ഞാനൊരിക്കലും ഇഷ്ടപ്പെടുന്നില്ല. ഗാന്ധി ഒരു ഭാരമാകുന്നിടത്ത് ഗാന്ധിയെ ഉപേക്ഷിക്കാനാണ് ഞാനിഷ്ടപ്പെടുന്നത്. അതിസങ്കീർണ്ണമായ നമ്മുടെ കാലത്ത് ഗാന്ധി എങ്ങിനെ അപ്രസക്തനും പ്രസക്തനുമാകുന്നു എന്നത് നിരന്തരം ഉയർത്തേണ്ട ചോദ്യമാണ്. അധിനിവേശത്തെപ്പറ്റി വാചകമടിക്കുമ്പോൾ, സർവ്വമതസമഭാവനയെ പ്രതി മന്ത്രിക്കുമ്പോൾ നാം ഗാന്ധിയിലേക്ക് തിരിഞ്ഞുനോക്കണം. ചില പ്രധാന സൂചനകൾ കണ്ടേയ്ക്കും. മതേതര മതത്തിലും വർഗ്ഗീയവൽക്കരിക്കപ്പെട്ട മതങ്ങളിലും കാണാഞ്ഞത്.

*വാൾഡൻ, എറവ്, തൃശ്ശൂർ*


books | magazines | periodicals

BYWORD BOOKS

marva plaza, machingal lane, m.g. road, thrissur

Tel. : 0487 3256689, Mob : 9847764577

for rare and new books

With best compliments from

CENTRE FOR POST GRADUATE STUDIES

P.G. Centre

North Bus Stand, Thrissur-20.

Ph : 2338983, 6950675 e-mail : pgcentre.tsr@gmail.com